## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5351

25/10/2011 ൽ മറുപടിക്ക്

### അൺ എയ്ഡഡ് സ്കൂളുകളിലെ ഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | അൺ എയ്ഡഡ് സ്കൂളുകളിൽ ഈടാക്കാവുന്ന ട്യൂഷൻ ഫീസിനെ സംബന്ധിച്ച് മുൻ കാലങ്ങളിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടായിരുന്നുവോ; | (എ) | ഉണ്ട്. |
| (ബി) | നിയന്ത്രണങ്ങൾ നീക്കം ചെയ്യുന്നതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയായിരുന്നു; | | (ബി) യും (സി) യും (ഡി) യും<br><br>ന്യൂനപക്ഷ മാനേജ്മെന്റുകൾക്ക് ഫീസ് നിശ്ചയിക്കാൻ സ്വാതന്ത്ര്യം നൽകുകയും ഭൂരിപക്ഷ സമുദായത്തിന്റെ സ്കൂളുകൾക്ക് നൽകാതിരിക്കുകയും ചെയ്യുന്നതിലെ വിവേചനവും വർഷങ്ങൾക്കു മുമ്പു നിശ്ചയിച്ചിട്ടുള്ള ഫീസ് സ്കൂൾ നടത്തികൊണ്ടുപോകാൻ അപര്യാപ്തമാണെന്ന വസ്തുതയും കണക്കിലെടുത്താണ് കെ.ഇ.ആർ അധ്യായം XII ചട്ടം 30-ൽ ഭേദഗതി വരുത്തിയത്. പ്രസ്തുത ഭേദഗതിമൂലം സ്കൂൾ നടത്തികൊണ്ടു പോകുന്നതിനാവശ്യമായ ഫീസ് മാത്രമാണ് നിശ്ചയിക്കാൻ അധികാരം നൽകിയിരിക്കുന്നത്. ഇത് വിദ്യാർത്ഥികളെ കൂടുതൽ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല. |
| (സി) | ഇങ്ങനെ ചെയ്തതു മൂലം വിദ്യാർത്ഥികളിൽ നിന്നും അധിക ഫീസ് ഈടാക്കാൻ അത്തരം സ്കൂളുകൾക്ക് അവസരം സംജാതമായിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | ഇക്കാര്യത്തിൽ ഒരു നിയന്ത്രണവും വേണ്ടായെന്ന തീരുമാനം വിദ്യാർത്ഥികളെ എപ്രകാരം ബാധിക്കുമെന്നാണ് വിലയിരുത്തുന്നത്? | | |

സെക്ഷൻ ഓഫീസർ